ഉത്തരം

(എ) ഉണ്ട്.

(ബി) കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

റബ്ബർ ഉരുളൻ തടികൾ അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകുന്നതിനുള്ള നിരോധനം നീക്കുന്നതിന് നടപടി

73 [5541] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് റബ്ബർതടികൾ ഉരുളൻ തടികളായി കൊണ്ടുപോകുന്നത് സർക്കാർ ഉത്തരവുമൂലം നിരോധിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് കേരളത്തിലെ പത്ത് ലക്ഷത്തോളം വരുന്ന റബ്ബർ കർഷക കുടുംബങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന വിവരം അറിയാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അന്യരാജ്യങ്ങളിൽ നിന്നും റബ്ബർ തടികൾ കേരളത്തിലും ഇന്ത്യയിലാകെയും എത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വാഭാവിക വനങ്ങളിൽ റബ്ബർ മരങ്ങൾ ഇല്ലാത്തതുകൊണ്ടും കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കുന്ന കാര്യമായതിനാലും റബ്ബർ തടികൾ ഉരുളുകളായി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിരോധനം റദ്ദ് ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

വനഭൂമി കയ്യേറ്റവും വനനശീകരണവും

74 [5542] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, പി. ടി. തോമസ്:
,, ഡോമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ, കാക്കവയൽ, മീനങ്ങാടി, പുറക്കാടി, തെറണ്ടർനാട്, പുൽപ്പള്ളി നിവാരം എന്നിവിടങ്ങളിൽ സി. പി. ഐ. (എം)-ന്റെ നേതൃത്വത്തിൽ എത്ര ഹെക്ടർ വനഭൂമി കയ്യേറുകയുണ്ടായി;

ചോദ്യം നമ്പർ 5539, 5540 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥലങ്ങളിൽ പ്രസ്തുത കയ്യേറ്റക്കാർ വനത്തിന് എന്തെല്ലാം തരത്തിലുള്ള നാശനഷ്ടങ്ങളുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽനിന്നും ഈ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുത്തങ്ങവനം ആദിവാസി ഗോത്രസഭ കയ്യേറിയ സമയത്ത് കാരാപ്പുഴ, കാക്കവയൽ, മീനങ്ങാടി, പുറക്കാടി, തെറണ്ടർനാട്, പുൽപ്പള്ളി, നിവാരം എന്നീ സ്ഥലങ്ങൾക്ക് സമീപസ്ഥലമായ വനപ്രദേശങ്ങളിലെ 220.82 ഹെക്ടറോളം വനഭൂമി കൈയേറിയിട്ടുണ്ട്.

(ബി) സൗത്ത് വയനാട് ഡിവിഷനിൽ 750 കുടിലുകളും നോർത്ത് വയനാട് ഡിവിഷനിൽ 360 കുടിലുകളും കെട്ടുകയുണ്ടായി. ഏതാണ്ട് 50 ഹെക്ടർ സ്ഥലത്ത് കാർഷിക വിളകളും പച്ചക്കറികളും വച്ച് പിടിപ്പിച്ചിട്ടുണ്ട്. കുടിലുകൾ കെട്ടുന്നതിന് മരത്തിന്റെ കഴകൾ വെട്ടിനശിപ്പിച്ചതിനാലും അടിക്കാടുകൾ തെളിച്ചതിനാലും സൗത്ത് വയനാട് ഡിവിഷനിൽ 5550 രൂപ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(സി) സൗത്ത് വയനാട്, നോർത്ത് വയനാട് ഡിവിഷനുകളിലെ വനഭൂമിയിലെ മുഴുവൻ കയ്യേറ്റക്കാരെയും ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മറ്റുള്ള സ്ഥലങ്ങളിലെ കൈയേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ട്.

പശ്ചിമഘട്ട വനപ്രദേശങ്ങൾ ജണ്ടകെട്ടി സംരക്ഷിക്കാൻ നടപടി

75 [5543] ശ്രീ. എ. പി. അനിൽകുമാർ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ വി. ബാലറാം:
„ എ. സുജനപാൽ:
„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-നുശേഷം എത്രപേർ വനം കയ്യേറിയിട്ടുണ്ട്;

(ബി) 1977-നുശേഷം എത്ര ഹെക്ടർ വനം കയ്യേറപ്പെട്ടിട്ടുണ്ട്;

(സി) 1977-നുശേഷം വനം കയ്യേറിയവർക്ക് പട്ടയം നൽകാൻ ഉദ്ദേശമുണ്ടോ;

(ഡി) സംസ്ഥാനത്തെ പശ്ചിമഘട്ട വനപ്രദേശങ്ങൾക്ക് പട്ടയഭൂമിയുമായി എത്ര കിലോമീറ്റർ അതിർത്തി ദൂരമുണ്ട്;

(ഇ) ഈ മുഴുവൻ അതിർത്തിപ്രദേശവും ജണ്ട കെട്ടി സംരക്ഷിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇനി എത്ര കിലോമീറ്റർ ദൂരത്തിൽ ജണ്ട കെട്ടാൻ ബാക്കിയുണ്ട്;

(ജി) ശേഷിച്ച പ്രദേശത്തെ ജണ്ട കെട്ടുന്നത് സംബന്ധിച്ച് ഒരു സമയപരിധി നിർണ്ണയിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly